## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1252

10 .08.2017-ൽ
മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളിൽ ഭൂനികുതി രജിസ്റ്റർ സംവിധാനം

**ചോദ്യം**
ശ്രീ വി. കെ. സി. മമ്മത് കോയ

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ഭൂനികുതി രജിസ്റ്റർ എന്ന സംവിധാനം നിലവിലുണ്ടോ; | (എ) ഉണ്ട് |
| (ബി) വില്ലേജ് ഓഫീസുകളിൽ നികുതി അടയ്ക്കുന്നതിന് മുൻവർഷത്തെ നികുതി രസീത് ഹാജരാക്കണം എന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) ഭൂനികുതി രജിസ്റ്റർ ഉണ്ടെങ്കിൽ മുൻവർഷത്തെ രസീത് ഹാജരാക്കാതെ തന്നെ നികുതി സ്വീകരിക്കുന്നതിന് നടപടി എടുക്കുമോ? | (സി) വസ്തു നിലവിലും അപേക്ഷകന്റെ ഉടമസ്ഥതയിലും കൈവശത്തിലുമാണ് എന്ന് സ്ഥാപിക്കുന്നതിന് മതിയായ രേഖകൾ ഹാജരാക്കുന്ന സാഹചര്യത്തിലും, ഓൺലൈൻ മുഖേനയും മുൻ വർഷത്തെ രസീത് ഹാജരാക്കാതെ തന്നെ ഭൂനികുതി അടച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

RG.